# നമസ്കാരത്തിൽ മുസ്ഹഫ് നോക്കി പാരായണം ചെയ്യാമോ?

**നമസ്കാരത്തിലെ** ആദ്യ രണ്ട് റക്അത്തുകളിൽ ഫാതിഹക്കു ശേഷം മറ്റു സൂറത്തുകളോ ആയത്തുകളോ ഓതുന്നത് ഇമാമിനും മഅ്മൂമിനും സുന്നത്താണ്. അതൊഴിവാക്കിയാൽ നമസ്കാരം ശരിയാവുമെങ്കിലും പ്രതിഫലത്തിൽ കുറവ് വരുന്നതാണ്.

ഒരാൾക്ക് മനഃപാഠമുള്ള ആയത്തുകളോ സൂറത്തുകളോ പാരായണം ചെയ്യുകയാണ് സാധാരണ രീതി. ഒരു നമസ്കാരത്തിലെ തന്നെ വ്യത്യസ്ത റക്അത്തുകളിലും വ്യത്യസ്ത നമസ്കാരങ്ങളിൽ തന്നെയും ഒരേ സൂറത്തുകളും ആയത്തുകളും ആവർത്തിക്കുന്നതിന് വിരോധമില്ല. എന്നാൽ മനഃപാഠമില്ലാത്ത ഭാഗങ്ങൾ മുസ്ഹഫ് നോക്കി ഓതാമോ എന്നൊരു ചോദ്യം ഉന്നയിക്കപ്പെടാറുണ്ട്.

ഇമാം മാലിക് ഉദ്ധരിക്കുന്നു: ആഇശ(റ)യുടെ വിമുക്ത അടിമയായ ദക്വാൻ റമദാനിൽ അവർക്ക് ഇമാമായി നമസ്കരിക്കാറുണ്ടായിരുന്നു; അദ്ദേഹം മുസ്ഹഫിൽ നോക്കിയാണ് സൂറത്തുകൾ പാരായണം ചെയ്തിരുന്നത്. നോക്കി ഓതുന്നത് കൊണ്ട് കുഴപ്പമില്ലെന്നാണ് ശാഫിഈകളുടെയും അഭിപ്രായം. മുസ്ഹഫ് എടുക്കുക, വെക്കുക, ഇടക്കിടെ തുറക്കുക എന്നിങ്ങനെയുള്ള അധിക ചലനങ്ങൾ ഒഴിവാക്കണം എന്ന് നിബന്ധനയുണ്ട്. കാരണം മൂന്ന് പ്രാവശ്യം തുടർച്ചയായുള്ള ചലനം നമസ്കാരം ദുർബലപ്പെടുത്തുന്നതാണ്. വലിയ അക്ഷരമുള്ള മുസ്ഹഫ് നമസ്കരിക്കുന്നയാളുടെ മുമ്പിൽ ഉയർന്ന സ്ഥാനത്ത് വെച്ചാൽ തുടർച്ചയായ ചലനങ്ങൾ ഒഴിവാക്കാവുന്നതാണ്. എന്നാൽ അത്യാവശ്യത്തിനു മാത്രം പേജ് മറിക്കുന്നതു കൊണ്ട് കുഴപ്പമില്ല. ഇമാം നവവി *മജ്മൂഇൽ* എഴുതുന്നു: ചില സന്ദർഭങ്ങളിൽ നമസ്കാരത്തിൽ മുസ്ഹഫിന്റെ പേജുകൾ മറിക്കുന്നത് കൊണ്ട് നമസ്കാരം ദുർബലപ്പെടില്ല.

മാലിക്കികളും ശാഫിഈകളും ഹമ്പലികളും തറാവീഹിലും മറ്റു സുന്നത്ത് നമസ്കാരങ്ങളിലും മുസ്ഹഫ് നോക്കി പാരായണം ചെയ്യൽ അനുവദനീയമാണ്, എന്നാൽ ഫർദ് നമസ്കാരങ്ങളിൽ അത് കറാഹത്താണ് -നമസ്കാരം ശരിയാകുമെങ്കിലും- എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. റമദാനിലെ നമസ്കാരത്തിൽ (തറാവീഹാണുദ്ദേശ്യം) മുസ്ഹഫ് നോക്കി പാരായണം ചെയ്യുന്നിനെക്കുറിച്ച് സുഹ്രിയോട് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: ''നമ്മിലെ പുണ്യവാന്മാർ അങ്ങനെ ചെയ്യാറുണ്ടായിരുന്നു''

(ശൈഖ് അത്വിയ്യ സ്വഖ്ർ: അൽ അസ്ഹർ ഫത്വാ സമിതി മുൻ അധ്യക്ഷൻ).

## സ്ത്രീകളുടെ തറാവീഹ് നമസ്കാരം

തറാവീഹ് നമസ്കാരം സ്ത്രീക്കോ പുരുഷനോ ഫർദായ കാര്യമല്ല. എന്നാൽ വളരെ മഹത്വമേറിയതും പ്രതിഫലാർഹവുമായ ഒരു ഇബാദത്താണത്. അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: "വിശ്വാസത്തോടും പ്രതിഫലമാഗ്രഹിച്ചും റമദാൻ മാസത്തിൽ നമസ്കാരം നിർവഹിക്കുന്നവന്റെ പാപകർമങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്ലിം). പുരുഷന്മാരുടെയും സ്ത്രീകളുടെയും കാര്യത്തിൽ ഈ തത്വം ബാധകമാണ്. എന്നാൽ സാധാരണഗതിയിൽ സ്ത്രീകൾ വീട്ടിൽ നമസ്കരിക്കുന്നതാണ് ഉത്തമം എന്നൊരു വ്യത്യാസമുണ്ട്. എന്നാൽ ദീനീ ഉപദേശങ്ങൾ കേൾക്കുക, വിജ്ഞാന സദസ്സിൽ പങ്കെടുക്കുക, ഭക്തനായ പാരായണക്കാരനിൽനിന്ന് ഖുർആൻ പാരായണം കേൾക്കുക- നമസ്കാരത്തിനു പുറമെ ഇത്തരം ചില ലക്ഷ്യങ്ങൾ കൂടിയുണ്ടെങ്കിൽ സ്ത്രീകൾ പള്ളിയിൽ പോകുന്നതുതന്നെയാണ് നല്ലതും ശ്രേഷ്ഠകരവുമായിട്ടുള്ളത്. പുരുഷന്മാർ സ്ത്രീകളുടെ ദീനീജ്ഞാനത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാത്ത ഇക്കാലത്ത് വിശേഷിച്ചും ഇതിന് പ്രാധാന്യം കൂടുന്നു. അതിനാൽ അവർ പള്ളിയിൽ പോവുന്നത് തടയാൻ പാടില്ല.

പള്ളിയിലോ ജമാഅത്തിനോ പങ്കെടുക്കാതെ ഒറ്റക്ക് വീട്ടിലിരുന്നാൽ അധിക സ്ത്രീകളും തറാവീഹ് നമസ്കാരത്തിലും മറ്റും തൽപര്യം കാണിക്കില്ല എന്നതും വസ്തുതയാണ്. എന്നാൽ ഭർത്താവിന്റെ അനുമതി വാങ്ങിയിട്ടേ പള്ളിയിൽ പോകാവൂ എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഭർത്താവ് ഭാര്യയുടെ നിരന്തര പരിചരണമാവശ്യമുള്ള രോഗാവസ്ഥയിലാവുക, നമസ്കാരത്തിന്റെ സമയത്തേക്കു പോലും വിട്ടുപോകാനോ മറ്റുള്ളവരെ ഏൽപിച്ചു പോകാനോ കഴിയാത്ത ചെറിയ കുട്ടികൾ ഉണ്ടാവുക തുടങ്ങിയ എന്തെങ്കിലും തക്കതായ കാരണമില്ലാതെ പള്ളിയിൽ പോകാനാഗ്രഹിക്കുന്ന സ്ത്രീക്ക് അനുമതി നിഷേധിക്കാൻ ഭർത്താവിന് അവകാശമില്ല.

നബി(സ) പ്രഖ്യാപിക്കുന്നു: ''അല്ലാഹുവിന്റെ അടിയാത്തികളെ നിങ്ങൾ അവന്റെ ഭവനങ്ങളിൽനിന്ന് തടയരുത്'' (മുസ്ലിം). കുറഞ്ഞ സമയം മാത്രം നീണ്ടുനിൽക്കുന്ന ഫർദ് നമസ്കാരങ്ങൾക്ക് വരുമ്പോൾ കുട്ടികളെ ഒപ്പം കൂട്ടുന്നത് കുഴപ്പമില്ലെങ്കിലും, കുട്ടികൾ കരഞ്ഞ് ബഹളമുണ്ടാക്കുമെങ്കിൽ തറാവീഹ് നമസ്കാരത്തിന് വരുമ്പോൾ അവരെ ഒപ്പം കൂട്ടരുത്; കാരണം അവ

രൊരുപാട് നേരം സഹിച്ചു നിൽക്കേണ്ടിവരും.

പുരുഷനായാലും സ്ത്രീയായാലും പള്ളിയിൽ ആവശ്യമില്ലാതെ ഒച്ചയെടുക്കാനും ശബ്ദമുയർത്താനും പാടില്ല. ഇവിടെ ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. ചില ആണുങ്ങൾ സ്ത്രീകളുടെ വിഷയത്തിൽ അനാവശ്യമായ കാർക്കശ്യം പുലർത്തുന്നു. പ്രവാചകന്റെ കാലത്ത് പോലും ഇല്ലാതിരുന്ന വലിയ മതിലുകൾ ഉപയോഗിച്ച് സ്ത്രീ പുരുഷന്മാരുടെ സ്ഥാനങ്ങളെ വേർതിരിക്കുന്നുണ്ട് പള്ളികളിൽ. ഇമാമിന്റെ ശബ്ദം മാത്രമേ അവർക്ക് കേൾക്കാൻ കഴിയൂ. എന്നിട്ടു പോലും സ്ത്രീകൾ പള്ളിയിലേക്ക് പോകുന്നതിനെക്കുറിച്ച് അവർക്ക് ചിന്തിക്കാൻ പോലുമാകില്ല. പള്ളിയിൽ അനാവശ്യമായി ബഹളം വെക്കുകയും, പരസ്പരം സംസാരിക്കുകയും ചെയ്യുന്ന ഇവർ, തങ്ങളുടെ സ്ത്രീകൾക്ക് തന്റെ കൂട്ടുകാരിയുമായി ദീനീ കാര്യം ചർച്ച ചെയ്യാൻ പോലുമുള്ള അവസരം നിഷേധിക്കുന്നു. ഇത് അനീതിയാണ്. ഇത് ആക്ഷേപകരമായ ഈർഷ്യയാണ്. ചില ഈർഷകൾ അല്ലാഹുവിന്റെയും റസൂലിന്റെയും കോപത്തിന് കാരണമാക്കുന്നതാണ് എന്ന് ഹദീസിൽ സൂചിപ്പിക്കുന്നത് ഇതിനെ കുറിച്ചാണ്.

ആധുനിക ജീവിതം സ്ത്രീയുടെ മുന്നിൽ ഒരുപാട് വാതിലുകൾ തുറന്നിട്ടിരിക്കുന്നു. അവർ പള്ളിക്കൂടത്തിലേക്കും യൂനിവേഴ്സിറ്റികളിലേക്കും അങ്ങാടിയിലേക്കുമൊക്കെ പോകുന്നു. പക്ഷേ ഏറ്റവും മഹത്തരവും ശ്രേഷ്ഠവുമായ പള്ളികളിൽനിന്ന് അവൾ തടയപ്പെടുകയും ചെയ്യുന്നു! യാതൊരു മടിയുമില്ലാതെ ഞാനാഹ്വാനം ചെയ്യുന്നു: അല്ലാഹുവിന്റെ ഭവനങ്ങളിൽ സ്ത്രീകൾക്കു കൂടി സൗകര്യമൊരുക്കുക. നല്ല കാര്യങ്ങളിൽ അവർ പങ്കാളികളാവട്ടെ. അവർ ഉപദേശങ്ങൾ കേട്ട് ദീനിൽ വ്യുൽപത്തി നേടട്ടെ; സ്ത്രീകൾ ദൈവിക പരിധികൾ പാലിച്ചുകൊണ്ട് അടങ്ങിയൊതുങ്ങി പള്ളിയിലേക്ക് പോകുന്ന കാലത്തോളം അതിൽ യാതൊരു കുഴപ്പവുമില്ല. ■

(ഡോ. യൂസുഫുൽ ഖറദാവി)